<u>പതിമൂന്നാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 2344

23.03.2012 ൽ മറുപടിയ്ക്ക്

# മദ്രസാ അദ്ധ്യാപക ക്ഷേമനിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം. | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ. മദ്രസാ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതിക്കായി സർക്കാർ നൽകിയ പണം ഏത് ട്രഷറി യിലാണ് നിക്ഷേപിച്ചിട്ടുള്ളത്; | എ. | കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതിക്കായി സർക്കാർ നൽകിയ കോർപ്പസ് ഫണ്ട് കോഴിക്കോട് സബ് ട്രഷറിയിലാണ് നിക്ഷേപിച്ചിട്ടുള്ളത്. |
| ബി. എന്ത് തുകയാണ് ഈ ഇനത്തിൽ നി ക്ഷേപിച്ചിട്ടുള്ളത്; | ബി. | 11,15,21,233/- (പതിനൊന്ന് കോടി പ തിനഞ്ചു ലക്ഷത്തി ഇരുപത്തി ഒന്നാ യിരത്തി ഇരുന്നൂറ്റി മുപ്പത്തി മൂന്ന്) രൂപയാണ് നിക്ഷേപിച്ചി ട്ടുള്ളത്. |
| സി. തുക നിക്ഷേപിച്ചത് ബാങ്കിംഗ് ട്രഷറിയിലാണോ; | സി. | കോഴിക്കോട് സബ് ട്രഷറി പ്രവർത്തി ക്കുന്നത് ബാങ്കിംഗ് ട്രഷറിയായി ട്ടാണെങ്കിലും പണം നിക്ഷേപിച്ചിരിക്കു ന്നത് 23/11/2011- ലെ സർക്കാർ ഉത്തരവു പ്രകാരം ട്രഷറിയിലെ പലിശ രഹിത സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലാണ്. |
| ഡി. പ്രസ്തുത നിക്ഷേപത്തിന് നൽകുന്ന പലിശ എത്ര ശതമാനമാണ്; | ഡി. | പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നി ക്ഷേപിച്ചതിനാൽ പലിശ ലഭ്യമല്ല. |
| ഇ. ക്ഷേമനിധിയുടെ പ്രവർത്തനം വിശദമാക്കാമോ? | ഇ. | 20 വയസ്സ് പൂർത്തിയായതും 60 വയസ്സ് പൂ ർത്തിയാകാത്തതുമായ മദ്രസാ അദ്ധ്യാപക ർക്ക് ക്ഷേമനിധിയിൽ അംഗമാകാവു ന്നതാണ്. 50 രൂപ മദ്രസ്സ കമ്മിറ്റിയും 50 രൂപ മദ്രസ്സാ അദ്ധ്യാപകനും ചേർത്ത് 100/- |

രൂപ പ്രതിമാസം ക്ഷേമനിധിയിൽ അടയ്ക്കേണ്ട വിധത്തിലാണ് പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്. മദ്രസ അദ്ധ്യാപകർക്കായി പോസ്റ്റൽ വകുപ്പ് പോസ്റ്റ് ഓഫീസുകളിൽ തുടങ്ങിയിട്ടുള്ള പലിശ രഹിത അക്കൗണ്ടിലാണ് പണം അടയ്ക്കേണ്ടത്. പദ്ധതിയിൽ അംഗമാകുന്നതിനുള്ള അപേക്ഷാ ഫോറം ജില്ലാ കലക്ടറേറ്റുകളിലെ ന്യൂനപക്ഷ സെല്ലുകളിൽ നിന്നും, കോഴിക്കോട് പുതിയറയിൽ പ്രവർത്തിച്ച് വരുന്ന കേരള മദ്രസാദ്ധ്യാപക ക്ഷേമനിധി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ പ്രസ്തുത കേന്ദ്രങ്ങളിൽ സ്വീകരിക്കുന്നതുമാണ്. അപേക്ഷകൾ മദ്രസാദ്ധ്യാപക ക്ഷേമനിധി ഓഫീസിൽ പരിശോധിച്ചതിന് ശേഷം അർഹതയുള്ള അപേക്ഷകന് അംഗത്വം അനുവദിക്കുന്നു. അംഗത്വം അനുവദിച്ചുകൊണ്ടുള്ള ഉത്തരവും, അംഗത്വ കാർഡും ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം അംഗത്തിന് അയച്ചു കൊടുക്കുന്നതോടൊപ്പം ഉത്തരവിന്റെയും അംഗത്വ കാർഡിന്റെയും പകർപ്പ് ക്ഷേമനിധി അംഗം പലിശ രഹിത അക്കൗണ്ട് ആരംഭിക്കേണ്ട സബ് പോസ്റ്റ് ഓഫീസിലേയ്ക്കും അയച്ച് കൊടുക്കുന്നു. അംഗത്വ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് അംഗത്തിന് അനുവദിക്കപ്പെട്ട സബ് പോസ്റ്റ് ഓഫീസിൽ അക്കൗണ്ട് ആരംഭിച്ച് ക്ഷേമനിധിയിലേയ്ക്കുള്ള വരിസംഖ്യ അടയ്ക്കാവുന്നതാണ്. ത്രൈമാസ കാലയളവിലെ അംശാദായം(300 രൂപ) അതാത് വർഷം മാർച്ച് 10, ജൂൺ 10, സെപ്തംബർ 10, ഡിസംബർ 10 തീയതികൾക്കുള്ളിൽ നിക്ഷേപകേന്ദ്രമായ പോസ്റ്റ് ഓഫീസുകളിൽ അടയ്ക്കാവുന്നതാണ്. പോസ്റ്റോഫീസുകളിൽ നിന്നും അംശാദായ തുക നിശ്ചിത ഇടവേളകളിൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ കളക്ഷൻ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതും ടി അക്കൗണ്ടിൽ നിന്നും തൊട്ടടുത്ത പ്രവൃത്തി ദിവസം മുഴുവൻ തുകയും കോഴിക്കോട് സബ് ട്രഷറിയിലെ പലിശ രഹിത എസ്.ബി. അക്കൗണ്ടിലേക്ക് വീണ്ടും മാറ്റി നിക്ഷേപിക്കുന്നതാണ്. ക്ഷേമനിധിയുടെ കോർപസ് ഫണ്ട്, അംശാദായം എന്നിവ ട്രഷറിയിലെ പലിശ

രഹിത അക്കൗണ്ടിൽ നിലനിർത്തുന്നതിനാൽ ക്ഷേമനിധി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ പ്രത്യേക കണക്കിനത്തിൽ ഗ്രാന്റായി അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഒരു സാമ്പത്തിക വർഷത്തെ മുഴുവൻ തുകയും (1200/-രൂപ) വേണമെങ്കിൽ ഒന്നിച്ച് അടയ്ക്കാവുന്നതാണ്. ഈ രീതിയിൽ 65 വയസ്സ് പൂർത്തിയാകുന്നതുവരെ അംശാദായം അടച്ച് അംഗത്വം നിലനിർത്തിയ അംഗത്തിന് തുടർന്ന് പ്രതിമാസ പെൻഷന് അർഹതയുണ്ടായിരിക്കും. കൂടാതെ 20 വർഷത്തിൽ കുറയാത്ത കാലം അംശാദായമടച്ച് അംഗത്വം നിലനിർത്തി വരുന്ന അംഗം മദ്രസാദ്ധ്യാപക വൃത്തിയിൽ നിന്ന് സ്വയം വിരമിക്കുന്ന പക്ഷം മിനിമം പെൻഷന് അർഹതയുണ്ടായിരിക്കും. 65 വയസ്സ് പൂർത്തിയാകുന്നതുവരെ അംഗത്വം നിലനിർത്തുന്ന മദ്രസ്സാദ്ധ്യാപകന് അംഗത്വ കാലയളവിന് ആനുപാതി കമായി 500 രൂപ മുതൽ 1519/- രൂപ വരെ പ്രതിമാസ പെൻഷൻ ലഭിക്കും. പെൻഷൻ ആവശ്യമില്ലാത്തവർക്ക് തങ്ങളുടെ പെൻഷൻ നിധിയിലുള്ള തുക പിൻവലിക്കാവുന്നതുമാണ്. അംഗത്തിന്റെ പേരിൽ പെൻഷൻ ഫണ്ടായി നിക്ഷേപിക്കപ്പെടുന്ന തുക പെൻഷൻകാരുടെ കാലശേഷം പൂർണ്ണമായും അവകാശിക്ക് നൽകുന്നതാണ്. അംഗങ്ങളിൽ നിന്നും കമ്മിറ്റികളിൽ നിന്നും ലഭിക്കുന്ന അംശാദായ തുക, കേന്ദ്ര സംസ്ഥാന സർക്കാറുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ തുടങ്ങിയവയാണ് നിധിയിലെ മൂലധനമായി വിഭാവനം ചെയ്തിരിക്കുന്നത്.

സെക്ഷൻ ഓഫീസർ